LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്. നടത്തിയ ആക്രമണങ്ങൾ

236 (244) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആർ.എസ്.എസ്. സായുധ സംഘം വീടുകളിലും, മറ്റും കയറി ആക്രമണം നടത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; അവ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര ; അതിൽ ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കേസ്സുകൾ എത്ര ; പ്രസ്തുത കേസ്സുകളിലായി എത്ര പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ;

(ബി) ഇതിൽ ഏതെല്ലാം കേസുകൾ പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട് ; പിൻവലിക്കുന്നതിന് പരിഗണനയിലുള്ള അപേക്ഷകൾ എത്ര ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആർ.എസ്.എസ്. സായുധ സംഘം വീടുകളിലും മറ്റും കയറി ആക്രമണം നടത്തിയ 132 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവ സംബന്ധിച്ച 132 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 39 കേസ്സുകൾ അന്വേഷണത്തിലിരിക്കുന്നു. പ്രസ്തുത കേസ്സുകളിലായി 134 പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്.

(ബി) ഇതിൽ പിൻവലിക്കുന്നതിന് ഉത്തരവുകൾ നൽകിയ കേസ്സുകൾ ഒന്നും തന്നെയില്ല. പിൻവലിക്കുന്നതിന് പരിഗണനയിലുള്ള അപേക്ഷകൾ ഒന്നുമില്ല.

ആർ.എസ്.എസ്.-ന്റെ ആക്രമണങ്ങൾ

237 (245) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആർ.എസ്.എസ്. ക്രിമിനൽ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ കിരാതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള എത്ര പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയാവുകയുണ്ടായി ; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(സി) എത്ര കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി ;

(ഡി) കൊലചെയ്യപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകർ ആരൊക്കെ ;

(ഇ) നാശനഷ്ടങ്ങൾ ഉണ്ടായ ആർക്കെല്ലാം സർക്കാർ നഷ്ടപരിഹാരം ലഭ്യമാക്കുകയുണ്ടായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ സി.പി.ഐ.(എം.) പ്രവർത്തകരെ ആക്രമിച്ച സംഭവങ്ങൾ ചില ജില്ലകളിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം.) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള 20 പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയായിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക്

ആലപ്പുഴ	-	1
കോട്ടയം	-	2
പാലക്കാട്	-	1
കണ്ണൂർ	-	16

(സി) 31 കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ഡി) ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ കായക്കുന്ന് എന്ന സ്ഥലത്തുവച്ച് 28-8-2015-ന് നടന്ന രാഷ്ട്രീയ കൊലപാതകത്തിൽ നാരായണൻ എന്ന സി.പി.ഐ.(എം.) പ്രവർത്തകൻ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

എൽ.എൽ.എം. പരീക്ഷയിലെ കോപ്പിയടി

238 (246) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി കോപ്പിയടിച്ചതായി, ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സർവ്വകലാശാല സിൻഡിക്കേറ്റ് ഉപ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly